**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6121** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷത്തിന്റെ ഭാഗമായുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (എ) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പുതിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ഒരു കുടുംബം ഒരു സംരംഭം പദ്ധതി**<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിലെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെ ബാങ്ക് വായ്പയ്ക്ക് ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം,ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു.<br><br>**2.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**<br><br>ഉല്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് "മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി " എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. മൂന്നുഘട്ടങ്ങളിലായാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നത്.<br><br>**3. നിലവിലുള്ള എം.എസ്.എം.ഇ -കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും** |

**<u>ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി</u>**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/ സേവനമേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. സ്ഥിരമൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. 01/01/2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% പരമാവധി 100 ലക്ഷം രൂപ Capital Investment Subsidy-യ്ക്ക് അർഹതയുണ്ട്. ബാങ്കിൽ നിന്നും പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ 3 വർഷം ബാങ്ക് വായ്പ നിരക്കിൽ 8% പലിശയിളവ് പരമാവധി 30 ലക്ഷം രൂപ നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റ് ആയാണ് നൽകുന്നത്.

**<u>4.സ്വകാര്യ വ്യവസായ പാർക്കുകൾ</u>**

സ്വകാര്യ വ്യക്തികളുടെ ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി ലഭ്യമാക്കി അത് വഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് 3 കോടി രൂപവരെ ധന സഹായം നൽകുന്നു. പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**5. എംഎസ്എംഇകളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾക്ക് കയറ്റുമതി ആരംഭിക്കുന്നതിന് പ്രോത്സാഹനങ്ങൾ നൽകുന്നതിനുമുള്ള പ്രത്യേക പദ്ധതിയാണ്. പ്രത്യേകതകൾ താഴെപ്പറയുന്നു.

- അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/രജിസ്ട്രേഷൻ ചാർജുകളുടെ 75% (2.00 ലക്ഷം രൂപ വരെ) സഹായം
- ട്രേഡ് സാമ്പിളുകൾ അയയ്ക്കുന്നതിനുള്ള വിമാന ചരക്ക് / കൊറിയർ നിരക്കുകൾക്കു 5.00 ലക്ഷം രൂപ വരെ സഹായം
- കയറ്റുമതി ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനം അല്ലെങ്കിൽ നവീകരണത്തിനാവശ്യമായ തുകയുടെ 40%, (60 ലക്ഷം രൂപ വരെ) സഹായം. യുവ/എസ്.സി/ എസ്.ടി/വനിത/എൻആർകെ എന്നിവർക്ക് 10% അധിക പിന്തുണ.
- ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനേജ്മെന്റും നടപ്പിലാക്കലും സർട്ടിഫിക്കേഷനും - മൊത്തം ചെലവിന്റെ 50% (പരമാവധി 25.00 ലക്ഷം രൂപ) വരെ സഹായം
- കയറ്റുമതി സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് 10% വരെ സഹായം

പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ പദ്ധതി പ്രകാരം നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.

**6. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി**

പ്രാദേശിക വിപണികളിൽ ഉത്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതിയാണ്. പ്രത്യേകതകൾ താഴെപ്പറയുന്നു.

- 25 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എംഎസ്എംഇകൾക്ക് അവയുടെ വിപണി വികസനത്തിനായി സഹായം
- ഉൽപ്പാദനം ആരംഭിച്ച തീയതി 2020 ഏപ്രിൽ 1-നോ അതിനു ശേഷമോ ആയിരിക്കണം

● ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും/വിൽക്കുന്നതിനും സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം അനുവദിക്കും. പ്രതിമാസം 10,000 രൂപ പരിധിക്ക് വിധേയമായ മെയിന്റനൻസ് ചാർജുകൾ സഹായമായി നൽകും

● സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ/എൻജിഒകൾ/ മാളുകൾ/ സൂപ്പർമാർക്കറ്റുകൾ എന്നിവയിൽ നിന്ന് വാടക/ലീസ് അടിസ്ഥാനത്തിൽ പ്രദർശനവും വിൽപ്പന സ്ഥലങ്ങളും - ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ യഥാക്രമം പ്രതിമാസം പരമാവധി 5,000/10,000/15,000 രൂപയ്ക്ക് വിധേയമായി വാടക/ലീസ് ചാർജുകൾ.

● ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിന്റെ വികസനം - ചെലവിന്റെ 50% (25,000 രൂപ വരെ)

പദ്ധതിയ്ക്ക് ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**7. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (SS-CDP)**

എംഎസ്ഇ ക്ലസ്റ്ററുകൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ (CFC) സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ്. പ്രത്യേകതകൾ താഴെപ്പറയുന്നു

● പദ്ധതി ചെലവിന്റെ 80% കേരള സർക്കാർ വഹിക്കും, ബാക്കി 20% ക്ലസ്റ്ററിലെ അംഗങ്ങൾ ചേർന്ന് ഉണ്ടാക്കിയ കൺസോർഷ്യം വഹിക്കണം

● CFC യുടെ അനുവദനീയമായ പ്രോജക്റ്റ് ചെലവ് 5 കോടി രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു, അതിൽ ഭൂമി, കെട്ടിടം, പ്രാഥമിക ചെലവുകൾ, യന്ത്രങ്ങൾ &ഉപകരണങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ, ജലവിതരണം, വൈദ്യുതി, വർക്കിംഗ് ക്യാപിറ്റൽ മാർജിൻ മണി എന്നിവ ഉൾപ്പെടുന്നു

● ഡിപിആർ തയ്യാറാക്കുന്നതിന് 50,000 രൂപ വരെസഹായം

പദ്ധതിയ്ക്ക് ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ